**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 568** **09-08-2023 - ൽ മറുപടിയ്ക്ക്**

**ചരക്ക സേവന നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ അശാസ്ത്രീയമായ രീതിയിൽ ചരക്കു സേവന നികുതിയിൽ മാറ്റം വരുത്തുന്നുണ്ടോ; എങ്കിൽ അത് സംസ്ഥാനത്തെ ഏതെല്ലാം രീതിയിൽ ബാധിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | 01-07-2017 ൽ ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം ജി.എസ്.ടി. നിയമങ്ങളിലും ചട്ടങ്ങളിലും തുടർച്ചയായി ഭേദഗതികൾ നടപ്പിലാക്കിവരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെയും വിവിധ സംസ്ഥാനങ്ങളുടെയും, മറ്റു ഗുണഭോക്താക്കളുടെയും ആവശ്യപ്രകാരമാണ് ഇപ്രകാരം ഭേദഗതികൾ വരുത്തുന്നത്. പ്രധാനമായും നികുതി വെട്ടിപ്പ് തടയുക, നികുതി വരുമാനം വർദ്ധിപ്പിക്കുക, ജി.എസ്.ടി. യുമായി ബന്ധപ്പെട്ട വ്യാപാര സേവന മേഖലകളിലെ സങ്കീർണ്ണതകൾ ഒഴിവാക്കുക എന്നിവ മുൻനിർത്തിയാണ് നികുതി നിയമങ്ങളിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. ജി.എസ്.ടി. കൗൺസിലിലും അനുബന്ധ കമ്മിറ്റികളിലും വിശദമായ ചർച്ചകൾക്ക് ശേഷമാണ് ഇത്തരം തീരുമാനങ്ങൾ എടുക്കുന്നത്.<br><br>എന്നാൽ, ജി.എസ്.ടി. യുടെ തുടക്കത്തിൽ 28%, 18% നിരക്കിൽ നികുതി ഈടാക്കിയിരുന്ന പല സാധനങ്ങളുടെയും സേവനങ്ങളുടെയും നികുതി നിരക്ക് പിന്നീട് വരുത്തിയ ഭേദഗതിയിലൂടെ 18% ലേക്കും 12% ലേക്കും കുറവുവരുത്തിയ സ്ഥിതി വിശേഷം ഉണ്ടായിട്ടുണ്ട്. ഇതുകാരണം Average Tax Rate കുറയുകയും അതു സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിന് മുൻപുള്ള നികുതി വരുമാനത്തിന്റെയും ജി.എസ്.ടി പ്രാബല്യത്തിൽ വന്നതിനുശേഷമുള്ള നികുതി വരുമാനത്തിന്റെയും കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് ലഭ്യമാക്കുമോ; | (ബി) | ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിന് മുൻപുള്ള നികുതി വരുമാനത്തിന്റെയും ജി.എസ്.ടി. പ്രാബല്യത്തിൽ വന്നതിനുശേഷമുള്ള നികുതി വരുമാനത്തിന്റെയും അഞ്ച് വർഷത്തെ കണക്ക് അനുബന്ധമായി (അനുബന്ധം-1) ചേർത്തിരിക്കുന്നു. |
| (സി) | ജി.എസ്.ടി. നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തിന് നഷ്ടം ഉണ്ടാകുന്നുണ്ടെങ്കിൽ അത് നികത്തുമെന്ന് | (സി) | ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) |

| | | | |
|---|---|---|---|
| | കേന്ദ്രം ഉറപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉറപ്പ് പാലിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | | നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ചു വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു.<br><br>മേൽപ്പറഞ്ഞ വ്യവസ്ഥയ്ക്ക് അനുസൃതമായി ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 ന്റെ വകുപ്പ് 7(2) പ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസ കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ Comptroller and Auditor Generalഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിന് ശേഷം ആയത് അന്തിമമായി കണക്കാക്കാനും ആണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അങ്ങനെ പ്രൊവിഷണലായി കണക്കാക്കിയത് പ്രകാരം സംസ്ഥാനത്തിന് 2017 ജൂലായ് മുതൽ 2022 ജൂൺ വരെ നഷ്ടപരിഹാര ഇനത്തിൽ ലഭിക്കാൻ ഉണ്ടായിരുന്നത് 42599.38 കോടി രൂപയാണ്. ഇതിൽ, അവസാനമായി 2023 ഫെബ്രുവരിയിൽ ലഭിച്ച 780 കോടി രൂപ ഉൾപ്പെടെ, 42558.72 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ലഭിച്ച കോമ്പൻസേഷൻ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി (അനുബന്ധം-2) ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | വാറ്റ്, വിൽപ്പന നികുതി | കാർഷികാദായ നികുതി | ജി.എസ്.ടി. (പ്രൊവിഷണൽ) | ആകെ |
|---|---|---|---|---|
| 2012-13 | 22511.09 | 18.92 | | 22530.01 |
| 2013-14 | 24885.25 | 21.55 | | 24906.80 |
| 2014-15 | 27908.33 | 8.60 | | 27916.93 |
| 2015-16 | 30736.78 | 2.01 | | 30738.79 |
| 2016-17 | 33453.49 | 2.37 | | 33455.86 |
| 2017-18 | 24577.81 | 2.85 | 12200.08 | 36780.74 |
| 2018-19 | 19225.75 | 0.70 | 21119.21 | 40345.66 |
| 2019-20 | 19649. 64 | 0.84 | 20072.92 | 39723.40 |
| 2020-21 | 17689.17 | 0.50 | 19276.53 | 36966.20 |
| 2021-22 | 22489.43 | 0.50 | 23985.29 | 46475.22 |

സെക്ഷൻ ഓഫീസർ

## അനുബന്ധം-2

| സാമ്പത്തിക വർഷം | ജി.എസ്.ടി കോമ്പൻസേഷൻ (തുക കോടിയിൽ) | | | |
|---|---|---|---|---|
| | പ്രൊട്ടക്റ്റഡ് റവന്യൂ | ജി.എസ്.ടി. കളക്ഷൻ (സബ്സ്യൂം ചെയ്ത നികുതി ഉൾപ്പെടെ) | ലഭിക്കേണ്ട നഷ്ടപരിഹാര തുക | കോമ്പൻസേഷൻ ലഭിച്ചത് |
| 2017-18 (ജൂലൈ മുതൽ) | 16398 | 14254.76 | 2143.24 | 2102 |
| 2018-19 | 24924 | 21388.95 | 3535.05 | 3532 |
| 2019-20 | 28416 | 20317.4 | 8098.6 | 8111 |
| 2020-21 | 32400 | 19558.62 | 12841.38 | 12828.96 |
| 2021-22 | 36936 | 24085.61 | 12850.39 | 12850.39 |
| 2022-23 (ജൂൺ വരെ) | 10524 | 7393.28 | 3130.72 | 3134.37 |
| **ആകെ** | | | **42599.38** | **42558.72** |

**സെക്ഷൻ ഓഫീസർ**